പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം

കേരള കാർഷിക സർവ്വകലാശാല

മേലേ പട്ടാമ്പി (പി.ഒ), പാലക്കാട് ജില്ല, 679-306 (പിൻ), കേരളം

Email : adrptb@kau.in, rarsptb@kau.in URL: http://rarsptb.kau.in Ph : 0466-2212228

# ക്വട്ടേഷൻ നോട്ടീസ്

നം.RARSCZ/3454/2025-D3 തീയതി. വെള്ളാനിക്കര, 30-10-2025

ഈ ഗവേഷണ കേന്ദ്രത്തിൽ ഒരു വർഷത്തേയ്ക്ക് സ്റ്റേഷനിലെ ഗവേഷകരുടെ യാത്രകൾക്കും, അത്യാവശ്യ സാധനങ്ങൾ കയറ്റിക്കൊണ്ടുപോകുന്നതിനും ഉതകുന്ന 1500 CC യ്ക്ക് താഴെയും മുകളിലും ഉള്ള ലൈറ്റ് മോട്ടോർ വാഹനം (ഡ്രൈവർ ഉൾപ്പെടെ) താഴെ പറയുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി വാടകയ്ക്ക് നൽകുന്നതിന് താൽപര്യമുള്ള ട്രാവൽ ഏജൻസികൾ/വാഹന ഉടമകളിൽ നിന്നും മത്സരാടിസ്ഥാനത്തിൽ മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

## നിബന്ധനകൾ

1. 1500 CC യ്ക്ക് താഴെയും മുകളിലും ഉള്ള ലൈറ്റ് മോട്ടോർ വാഹനം മിനിമം നിരക്കിൽ എത്ര കിലോമീറ്റർ ഓടുമെന്ന വിവരവും, തുടർന്നുള്ള ഒരു കിലോമീറ്ററിന് വരുന്ന നിരക്കും ക്വട്ടേഷനിൽ വെവ്വേറെ കാണിക്കേണ്ടതാണ്.
2. മറ്റേതെങ്കിലും ചാർജ്ജ് കൂടുതലായി ബാധകമാണെങ്കിൽ ആയ വിവരം ക്വട്ടേഷനിൽ കാണിച്ചിരിക്കണം (ഉദാ: വെയിറ്റിംഗ് ചാർജ്ജ്/ദിവസ വാടക/ബാറ്റ മുതലായവ).
3. വാടകയ്ക്ക് നൽകുവാൻ ഉദ്ദേശിക്കുന്ന വാഹനത്തിന്റെ വിവരങ്ങൾ ക്വട്ടേഷനിൽ കാണിക്കേണ്ടതാണ്. കൂടാതെ, ടി വാഹനത്തിന്റെ രജിസ്ട്രേഷൻ/ഇൻഷുറൻസ്/പെർമിറ്റ് തുടങ്ങിയ രേഖകളുടെ പകർപ്പുകൾ ക്വട്ടേഷനൊപ്പം സമർപ്പിക്കേണ്ടതാണ്.
4. ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തി/സ്ഥാപന ഉടമയുടെ ആധാർ കാർഡിന്റെ പകർപ്പ് ക്വട്ടേഷനോടൊപ്പം ഹാജരാക്കേണ്ടതാണ്.
5. വാടകയ്ക്ക് നൽകുവാൻ ഉദ്ദേശിക്കുന്ന വാഹനം നല്ല കണ്ടിഷനിൽ ലഭ്യമാക്കേണ്ടതും കൂടാതെ വാഹനം ഓടിക്കുവാൻ ഏർപ്പെടുത്തുന്ന ഡ്രൈവർമാർ പ്രവർത്തിപരിചയമുള്ളവരായിരിക്കണം.
6. മാസത്തിൽ ഒരിക്കൽ ആണ് വൗച്ചർ/ഇൻവോയ്സ് സമർപ്പിക്കേണ്ടത്. യാതൊരു കാരണവശാലും മുൻകൂർ പണം അനുവദിക്കുന്നതല്ല.
7. സ്ഥാപനത്തിൽ നിന്ന് ആരംഭിക്കുമ്പോഴുള്ള കിലോമീറ്ററാണ് ദൂരത്തിന്

പരിഗണിക്കപ്പെടുക.

8. വാഹനം, വാടകയ്ക്ക് നൽകുന്ന ആൾ യാത്ര പോകുമ്പോൾ ചെലവ് വരുന്ന ടോൾ, പെർമിറ്റ്, പാർക്കിങ്ങ് ചാർജ്ജുകൾ യാത്രാവേളയിൽ സ്വന്തമായി വഹിക്കേണ്ടതും മാസത്തിലൊരിക്കെ ബില്ല് സമർപ്പിക്കുമ്പോൾ ബില്ലിനോടൊപ്പം സമർപ്പിച്ച് കാശ് കൈപ്പറ്റേണ്ടതാണ്.

9. പ്രസ്തുത ജോലി ഏറ്റെടുക്കുന്ന ആൾക്കോ, വാഹനത്തിനോ ജോലിക്കിടയിൽ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കേരള കാർഷിക സർവ്വകലാശാലയ്ക്ക് യാതൊരുവിധ ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതല്ല.

10. ഈ കേന്ദ്രത്തിൽ നിന്നും ആവശ്യപ്പെടുന്ന മുറയ്ക്ക് അവധി ദിവസങ്ങൾ ഉൾപ്പെടെ വാഹനം ലഭ്യമാക്കേണ്ടതായിരിയ്ക്കും.

11. വാഹനം ആവശ്യപ്പെടുന്ന ദിവസം ഹ്രസ്വദൂരയാത്രയെന്നോ, ദീർഘദൂരയാത്രയെന്നോ വ്യത്യാസമില്ലാതെ കൃത്യസമയത്ത് തന്നെ നിർദ്ദിഷ്ട സ്ഥലത്ത് കൊണ്ടുവരേണ്ടതാണ്.

12. തയ്യാറാക്കിയ ക്വട്ടേഷനുകൾ കവറിനകത്ത് അടക്കം ചെയ്ത് ഒട്ടിച്ച് "അസോസിയേറ്റ് ഡയറക്ടർ, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, മേലെ പട്ടാമ്പി (പി.ഒ), പാലക്കാട് - 679 306" എന്ന വിലാസത്തിൽ **07/11/2025** ന് **11.00** മണിക്കോ അതിനു മുൻപോ ആയി തപാലിലോ നേരിട്ടോ എത്തിക്കേണ്ടതാണ്. നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.

13. ക്വട്ടേഷൻ അടക്കം ചെയ്ത കവറിന് പുറത്ത് **"1500 CC താഴെയും മുകളിലും ഉള്ള ലൈറ്റ് മോട്ടോർ വാഹനം വാടകയ്ക്ക് ഓടുന്നതിനുള്ള ക്വട്ടേഷൻ"** എന്ന് രേഖപ്പെടുത്തിയിരിക്കണം.

14. ലഭിച്ച ക്വട്ടേഷനുകൾ 07/11/2025 ന് 11.30 ന് ക്വട്ടേഷൻ സമർപ്പിച്ചവരിൽ ഹാജരുള്ളവരുടെ സാന്നിധ്യത്തിൽ തുറക്കുകയും ഏറ്റവും കുറഞ്ഞ തുക ന്യായമാണെന്ന് ബോധ്യപ്പെട്ടാൽ പ്രസ്തുത തുകയ്ക്ക് ക്വട്ടേഷൻ ഉറപ്പിക്കുന്നതുമാണ്.

15. ഈ ഗവേഷണ കേന്ദ്രത്തിൽ നിന്നുള്ള ഓർഡർ അനുസരിച്ച് സമയബന്ധിതമായി വാഹനങ്ങൾ ഓഫീസിൽ എത്തിക്കേണ്ടതാണ്.

16. കരാർ വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടത് ക്വട്ടേഷൻ ലഭിച്ചയാളുടെ ഉത്തരവാദിത്തമാണ്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം കരാർ റദ്ദു ചെയ്യുന്നതിന് അസ്സോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ചിന് അധികാരമുണ്ടായിരിക്കും.

17. സർക്കാർ ക്വട്ടേഷനുകൾക്ക് ബാധകമായ എല്ലാ വ്യവസ്ഥകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.

Signed by
Raji P
Date: 30-10-2025 12:07:45
Raji P
ASSOCIATE DIRECTOR OF RESEARCH

സ്വീകർത്താവ്: നോട്ടീസ് ബോർഡ് - ഓഫീസ്/ഫാം/കാന്റീൻ/മിനി സിവിൽ സ്റ്റേഷൻ, പട്ടാമ്പി/ കെ.എ.യു വെബ്സൈറ്റ്

KERALA AGRICULTUTAL UNIVERSITY MELE PATTAMBI REGIONAL AGRICULTURAL RESEARCH STATION PALAKKAD 679306

പകർപ്പ് : ഡോ. കെ. കാർത്തികേയൻ, പ്രൊഫസർ (അഗ്രികൾച്ചറൽ എന്റമോളജി)